The ബിഗ് ന്യൂസ്

# നടിയുടെ കാർ യാത്രക്കാരനെ ഇടിച്ചു തെറിപ്പിച്ചു, ബാറിൽ നിന്നിറങ്ങിയവർ കാർ തടഞ്ഞിട്ടു

ആറ്റിങ്ങൽ: സിനിമാ നടി നീനാ കുറുപ്പിന്റെ കാർ കാൽനടക്കാരനെ ഇടിച്ചുതെറിപ്പിച്ചു. ദേശീയപാതയിൽ ആറ്റിങ്ങൽ നഗരസഭയ്ക്കു സമീപം ഇന്നലെ വൈകുന്നേരം ആറ് മണിയോടെയായിരുന്നു സംഭവം.

നീനാ കുറുപ്പ് സഞ്ചരിച്ചിരുന്ന കാർ തിരുവനന്തപുരത്ത് നിന്ന് കൊല്ലത്തേക്ക് വരികയായിരുന്നു.

സംഭവത്തിനുശേഷം നിർത്താതെ പോകാൻ ശ്രമിച്ച കാറിനെ സമീപത്തെ ബാറിൽ നിന്നു മദ്യപിച്ചിറങ്ങിയ യുവാക്കൾ തടഞ്ഞു.


നീനാ കുറുപ്പ്

അപ്പോഴേക്കും നാട്ടുകാർ ഓടിക്കൂടി. പക്ഷേ, കാറിൽ നിന്നു സിനിമാ താരം പുറത്തിറങ്ങയതോടെ നാട്ടുകാർ ശാന്തരായി. കാറിൽ താരത്തോടൊപ്പം ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു.

പരിക്കേറ്റയാളെ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഗുരുതരാവസ്ഥയെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് മാറ്റി. സ്ഥലത്തെത്തിയ പൊലീസ് നാട്ടുകാരെ വിരട്ടിയോടിച്ച് താരത്തെ പോകാൻ അനുവദിച്ചു. പൊലീസ് കേസെടുത്തിട്ടില്ല. പിന്നീട് കേസെടുക്കുമെന്നാണ് പൊലീസ് ഭാഷ്യം.

## തട്ടിക്കൊണ്ടുപോയത് പെൺകുട്ടിയുടെ കാമുകൻ

തിരുവനന്തപുരം: പതിനാറുകാരിയായ പ്ലസ് വൺ വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ട് പോയി പീഡിപ്പിച്ചെന്ന കേസിൽ അറസ്റ്റിലായ ഓട്ടോ ഡ്രൈവർ പെൺകുട്ടിയുടെ കാമുകനെന്ന് പൊലീസ്.

വട്ടിയൂർക്കാവ് കരിമൺകുളം നേതാജി റോഡ് ആശാഭവനിൽ കുട്ടൻ എന്നു വിളിക്കുന്ന അനീഷ് (22) അണ് സംഭവത്തിൽ അറസ്റ്റിലായത്.

അയൽവാസിയും പേരൂർക്കടയിലെ സ്കൂൾ വിദ്യാർത്ഥിയുമായ പെൺകുട്ടിയെ സ്കൂൾ വിട്ടുവരും വഴി ഓട്ടോറിക്ഷയിലെത്തി തട്ടിക്കൊണ്ടുപോകുകയായിരുന്നെന്നാണ് പെൺകുട്ടികളുടെ രക്ഷകർത്താക്കൾ വട്ടിയൂർക്കാവ് പൊലീസ് സ്റ്റേഷനിൽ നൽകിയ കേസ്.

### വിശദമായ അന്വേഷണത്തിൽ കേസ് മാറിമറിഞ്ഞു

എന്നാൽ വിശദമായ അന്വേഷണത്തിൽ പെൺകുട്ടി ഇയാളുമായി പ്രണയത്തിലായിരുന്നെന്നും സ്വന്തം ഇഷ്ട പ്രകാരം ഓട്ടോറിക്ഷയിൽ കയറി പോയതാണെന്നും വ്യക്തമായി.

പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയതല്ലെന്ന് വ്യക്തമായിട്ടുണ്ടെന്ന് വട്ടിയൂർക്കാവ് പൊലീസ് അറിയിച്ചു.

എന്നാൽ പെൺകുട്ടിക്ക് പതിനാറു വയസ്സ് മാത്രം പ്രായം ഉള്ളതിനാൽ സമ്മതത്തോടെ പോയതാണെങ്കിൽ പോലും ഇയാൾക്കെതിരെ തട്ടിക്കൊണ്ടു പോകലിനും പീഡനത്തിനും കേസ് എടുക്കണമെന്നാണ് നിയമം.

### പ്രതി 14 ദിവസത്തേയ്ക്കു റിമാൻഡിൽ

ഇതനുസരിച്ച് തന്നെയാണ് കേസ് എടുത്തിരിക്കുന്നതെന്നും പൊലീസ് പറഞ്ഞു. അനീഷിനെ പതിന്നാല് ദിവസത്തേക്ക് ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാന്റ് ചെയ്തു.

# ഇറ്റലി പത്തു കോടി വാഗ്ദാനം ചെയ്തു

## കമ്മിഷണറുടെ വേഷവിധാനം കൊലയാളികളുടെ മനോവീര്യം കെടുത്തി

എസ്.എൽ.ശ്യാം

തിരുവനന്തപുരം: രണ്ടു മത്സ്യത്തൊഴിലാളികളെ വെടിവച്ചു കൊന്നതിന് പകരമായി പത്തു കോടി രൂപ നൽകാൻ ഇറ്റലി തയാർ. ഭീമമായ തുക നൽകി കേസിൽനിന്ന് തലയൂരി കപ്പലുമായി കടക്കാനാണ് തന്ത്രം മെനഞ്ഞിരിക്കുന്നത്.

രണ്ടു മത്സ്യത്തൊഴിലാളികളെ വെടിവച്ചുവീഴ്ത്തിയ സംഭവത്തിനു ശേഷം ആദ്യമായാണ് ഇറ്റലിയിൽനിന്ന് വൻ തുക നഷ്ടപരിഹാരം വാഗ്ദാനം എത്തുന്നത്. ഇറ്റാലിയൻ എണ്ണക്കപ്പലായ എൻറിക്ക ലെക്സിയുടെ ഉടമകളാണ് തുക വാഗ്ദാനം ചെയ്തിരിക്കുന്നത്. അനൗപചാരികമായ ആശയ വിനിമയത്തിനിടെയാണ് അവർ പുതിയ ഓഫർ മുന്നോട്ടുവച്ചിരിക്കുന്നത്. നയതന്ത്ര തലത്തിൽ വിശദമായ ചർച്ചകൾക്കു ശേഷം മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊള്ളാനാകൂ എന്ന മറുപടിയും നൽകിക്കഴിഞ്ഞു.



തികഞ്ഞ അഹങ്കാരത്തോടെ പൊലീസിനു മുന്നിൽ കീഴടങ്ങാൻ കൂട്ടാക്കാതിരുന്ന ഇറ്റാലിയൻ നാവിക കൊലയാളികൾ ഒടുവിൽ വിരണ്ട് വഴങ്ങിയതിനു പിന്നിലുള്ള കാരണവും വ്യക്തമായിരിക്കുകയാണ്. നാവികർ കീഴടങ്ങാൻ തയ്യാറാകാത്തപക്ഷം സായുധ നീക്കത്തിലൂടെ അവരെ തീരത്തേക്ക് കൊണ്ടുവരാനും പൊലീസ് തീരുമാനിച്ചിരുന്നു.

ഇതിനുള്ള മുൻകരുതലെന്ന നിലയിൽ റാപ്പിഡ് ആക്ഷൻ ടീമിനേയും സജ്ജരാക്കി നിറുത്തിയിരുന്നു. തീരദേശ സേനയും തയാറായി നിന്നു.

കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ എം. ആർ അജിത്കുമാർ പ്രത്യേക യൂണിഫോമണിഞ്ഞ് ഇറ്റാലിയൻ കപ്പലിലേക്ക് പോയതും വ്യക്തമായ ഉദ്ദേശ്യത്തോടു കൂടി തന്നെയാണ്. എതിരാളികളുടെ മനോവീര്യം കെടുത്താൻ കഴിയുന്ന പ്രത്യേക തരം തൊപ്പിയാണ് കമ്മീഷണർ ഉപയോഗിച്ചത്. യുദ്ധ സജ്ജരാണെന്ന സന്ദേശം എതിരാളികൾക്ക് നൽകാൻ ഈ വേഷവിധാനങ്ങൾ സഹായിച്ചു.

ഈ വേഷത്തിൽ കമ്മീഷണറേയും സംഘത്തേയും കണ്ടപ്പോൾ തന്നെ ഇനി നേരിട്ടൊരു പോരിന് ഇറങ്ങുന്നത് അപകടകരമായിരിക്കുമെന്ന് ഇറ്റാലിയൻ സംഘത്തിന് ബോദ്ധ്യപ്പെട്ടു. ഇറ്റാലിയൻ അധികൃതരും കീഴടങ്ങണമെന്ന വിവരം അറിയിച്ചതോടെ കാര്യമായ ചെറുത്തു നില്പിനു തുനിയാതെ അവർ പൊലീസിനൊപ്പം പോരുകയായിരുന്നു.

ഇതിനിടെ കൊച്ചിയിലെ സി.ഐ.എസ്.എഫ് ഗസ്റ്റ്ഹൗസിൽ പാർപ്പിച്ചിരിക്കുന്ന ഇറ്റാലിയൽ കൊലയാളി നാവികരായ മസ്തോറെ മാസിമിലിയാനോ സാൽവത്തോറെ ജിറോൺ എന്നിവർ അവിടേയും അഹങ്കാരത്തിന് യാതൊരു കുറവും വരുത്തിയിട്ടില്ല.

തുരു തുരെ സിഗരറ്റുകൾ വലിച്ചു തള്ളാനും യാതൊരു തടസ്സവും അവർക്കില്ല. ഇറ്റാലിയൻ സർക്കാർ ഇടപെട്ട് തങ്ങളെ പുഷ്പം പോലെ രക്ഷപ്പെടുത്തുമെന്ന ഉറച്ച ധാരണയിലാണ് അവർ. മദ്യലഹരിയിൽ നടത്തിയ വെടിവച്ചു കളിയാണ് രണ്ടു മത്സ്യത്തൊഴിലാളികളുടെ കൊലപാതകത്തിൽ കലാശിച്ചതെന്നും അന്വേഷണ ഉദ്യോഗസ്ഥർക്കിടയിൽ സംസാരമുണ്ട്.

പുറംകടലിൽ നങ്കൂരമിട്ടിരിക്കുന്ന ഇറ്റാലിയൻ കപ്പലിൽ ഇനി നാലു നാവികരടക്കം 24 ജീവനക്കാരുണ്ട്. ഇതിൽ 19 പേർ ഇന്ത്യക്കാരാണ്.

## ഇറ്റാലിയൻ നാവികർ ആയുധങ്ങൾ വിട്ടുകൊടുത്തില്ല

കൊച്ചി: മത്സ്യതൊഴിലാളികളെ വെടിവെച്ചു കൊന്ന ഇറ്റാലിയൻ നാവികർ തോക്കും മാരകായുധങ്ങളും കൈമാറാൻ വിസമ്മതിച്ചു. കപ്പലിലുണ്ടായിരുന്ന ആയുധങ്ങൾ കസ്റ്റഡിയിലെടുക്കാനുള്ള പോലീസ് നീക്കമാണ് നാവികർ തടഞ്ഞത്. തോക്കുകളും ഇതിൽ ഉൾപ്പെടുന്നു.

ആയുധങ്ങൾ പിടിച്ചെടുക്കാനുള്ള അനുമതിക്കായി പൊലീസ് കോടതിയെ സമീപിച്ചു. കോടതി നാവികരെ റിമാന്റ് ചെയ്ത നടപടി ഇറ്റാലിയൻ സർക്കാർ ഇന്ത്യാ ഗവൺമെന്റിനെ അതൃപ്തി അറിയിച്ചു.

## കാർ മരത്തിൽ ഇടിച്ച് യുവാവ് മരിച്ചു

കോട്ടയം: കാർ മരത്തിൽ ഇടിച്ച് യുവാവ് മരിച്ചു. മൂന്നു പേർക്ക് പരിക്കേറ്റു. കുറവിലങ്ങാട് വെമ്പള്ളിയിലാണ് നാലരയോടെ അപകടം. നെടുമ്പാശേരിയിൽ പോയി മടങ്ങിവരികയായിരുന്ന കാറാണ് അപകടത്തിൽപെട്ടത്. ഏറ്റുമാനൂർ ബാദുഷ മൻസിലിൽ നിഷാദ്(22) ആണ് മരിച്ചത്. സഹോദരൻ അൻസാബ്(25), സുഹൃത്തുക്കളായ ഷിനാജ്(24), അനൂപ്(23) എന്നിവർക്കാണ് പരിക്കേറ്റത്.

# കണ്ണൂരിൽ ഒരാൾക്കു കൂടി വെട്ടേറ്റു

## ഹർത്താൽ അക്രമാസക്തം

കണ്ണൂർ: രാഷ്ട്രീയ അക്രമങ്ങളെ തുടർന്ന് കണ്ണൂരിൽ എൽഡിഎഫും യുഡിഎഫും ആഹ്വാനം ചെയ്ത ഹർത്താൽ തുടങ്ങി. ഇന്നു രാവിലെ ആറു മുതൽ വൈകിട്ട് ആറു വരെയാണു ജില്ലയിൽ ഹർത്താലിന് ആഹ്വാനം ചെയ്തിട്ടുള്ളത്. അതേസമയം പുതിയ അക്രമസംഭവത്തിൽ ഒരു സി.പി.എം പ്രവർത്തകനുകൂടി വെട്ടേറ്റിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ കണ്ണൂർ സബ്ഡിവിഷൻെറയും തളിപ്പറമ്പ്, പയ്യന്നൂർ, ശ്രീകണ്ഠപുരം, മട്ടന്നൂർ സർക്കിളുകളുടെ പരിധിയിലും പൊലീസ് ആക്ട് പ്രകാരം മൂന്നു ദിവസത്തേക്ക് നിരോധനാജ്ഞ ഏർപ്പെടുത്തിയിട്ടുണ്ട്.

പട്ടുവത്ത് സിപിഎം ജില്ലാ സെക്രട്ടറി പി. ജയരാജനും ടി.വി. രാജേഷ് എംഎൽഎയ്ക്കും നേരെ ഇന്നലെ അക്രമം ഉണ്ടാകുകയും പിന്നാലെ നടന്ന അക്രമസംഭവങ്ങളിൽ ഒരു ലീഗ് പ്രവർത്തകൻ കൊല്ലപ്പെടുകയും ചെയ്തിരുന്നു.

ഞായറാഴ്ച പട്ടുവത്തുണ്ടായ ലീഗ്–സിപിഎം അക്രമത്തിനു തുടർച്ചയാണ് ഇന്നലത്തെ സംഭവം.

# നാളെ വ്യാപാരികൾ കടകളടച്ചു സമരത്തിന്

## പാർലമെന്റ് മാർച്ചിൽ പതിനായിരങ്ങൾ പങ്കെടുക്കും

തിരുവനന്തപുരം: ചില്ലറ വ്യാപാര രംഗത്തെ വിദേശ നിക്ഷേപത്തിനെതിരെ നാളെ കേരളത്തിൽ വ്യാപാരി വ്യവസായി എകോപന സമിതി കടകളടച്ചു സമരം നടത്തും. ഡൽഹിയിൽ പാർലമെന്റിലേക്ക് മാർച്ച് നടത്തിയും വ്യാപാരികൾ പ്രതിഷേധിക്കും.

കേരളത്തിൽ 24 മണിക്കൂർ കടകളടച്ചാണ് പണിമുടക്ക്. രാവിലെ ഒമ്പതിനു നടക്കുന്ന പാർലമെന്റ് മാർച്ചിൽ പതിനായിരങ്ങൾ പങ്കെടുക്കുമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ടി. നസിറുദ്ദീനും ഭാരതീയ ഉദ്യോഗ് വ്യാപാർ മണ്ഡൽ ചെയർമാൻ മനോഹർ ലാൽ കുമാറും വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ചില്ലറ വ്യാപാരമേഖലയിൽ നേരിട്ടുള്ള വിദേശ നിക്ഷേപം കൊണ്ടുവന്നാൽ അഞ്ച് കോടിയോളം ചെറുകിട കച്ചവടക്കാരുടെ ജീവിതം വഴിമുട്ടുമെന്ന് ഭാരവാഹികൾ ചൂണ്ടിക്കാട്ടി. തീരുമാനം പിൻവലിച്ചില്ലെങ്കിൽ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടുപോകും. ഭക്ഷ്യ സുരക്ഷാനിലവാര നിയമത്തിന്റെ പേരിൽ ചില്ലറ വ്യാപാരികളിൽ നിന്ന് ലക്ഷക്കണക്കിന് രൂപ പിഴ ഈടാക്കുന്നത് നിർത്തലാക്കണം. ഇതുവഴി ചെയ്യാത്ത കുറ്റത്തിന് വ്യാപാരികൾ ശിക്ഷിക്കപ്പെടുകയാണെന്ന് അവർ ചൂണ്ടിക്കാട്ടി

അതെസമയം നാളെ നടക്കുന്ന കടയടപ്പു സമരത്തിൽ പങ്കെടുക്കില്ലെന്നു കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി അംഗങ്ങൾ പത്രസമ്മേളനത്തിൽ അറിയിച്ചു. കുത്തകവത്കരണത്തിനെതിരായ സമരങ്ങളോടു പരിപൂർണ പിന്തുണയുള്ളപ്പോഴും സങ്കുചിതമായ ചില താത്പര്യങ്ങൾ മുൻനിർത്തി വ്യാപാരി വ്യവസായി ഏകോപന സമിതി നടത്തുന്ന സമരത്തോടു യോജിപ്പില്ല.

വ്യാപാരികളുടെ ലൈസൻസ് ഫീസ് കുത്തനെ ഉയർത്താനുള്ള സർക്കാരിന്റെ നീക്കം ഉപേക്ഷിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. മുൻവർഷങ്ങളെ അപേക്ഷിച്ചു യാതൊരു ദാക്ഷിണ്യവുമില്ലാതെ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ലൈസൻസ് ഫീസിന്റെ പത്തുമടങ്ങാണു കൂട്ടിയത്. സംഘടനകളുമായി ചർച്ച നടത്തുകയോ മാനദണ്ഡം പാലിക്കുകയോ ചെയ്യാതെയാണ് ഫീസ് വർധിപ്പിച്ചിരിക്കുന്നത്. വ്യാപാരമാന്ദ്യം അഭിമുഖീകരിക്കുന്ന സന്ദർഭത്തിൽ ഇത്തരത്തിലുള്ള തീരുമാനമെടുത്തത് തകർച്ചയ്ക്ക് ആക്കം കൂട്ടും. ഓരോ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വ്യത്യസ്ത രീതിയിലുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതും വ്യാപാരികൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നു.

ലൈസൻസ് ഫീസ് വർധിപ്പിക്കാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് ഫെബ്രുവരി 24ന് കോർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും മുന്നിൽ മാർച്ചും ധർണ്ണയും നടത്തും.